# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം | 10.07.2012- ലെ മറുപടിക്ക്

നമ്പർ.T5971

## വിഷൻ 2030 പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>,, പി. സി. വിഷ്ണുനാഥ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വർക്കല കഹാർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) വിഷൻ 2030 പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) വികസന സാദ്ധ്യതയുള്ള മേഖലകളെ തരംതിരിച്ച് യാഥാർത്ഥ്യ ബോധത്തോടെ ദീർഘ വീക്ഷണ പദ്ധതികൾ മുൻകൂട്ടി തയ്യാറാക്കി അതിലൂടെ കേരളത്തിന്റെ സമഗ്ര വികസനം സാദ്ധ്യമാക്കുകയാണ് വിഷൻ 2030 -ന്റെ (പരിപ്രേക്ഷ്യ പദ്ധതി) ലക്ഷ്യം. |
| (ബി) സംസ്ഥാനത്തിന്റെ വൻ വികസനം ലക്ഷ്യമാക്കി എന്തെല്ലാം വിഷയങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (ബി) പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുന്നതിന് താഴെ പറയുന്ന മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>കൃഷി, വ്യവസായം, (സംരംഭങ്ങൾ ഉൾപ്പെടെ) ഗ്രാമവികസനം, സേവനങ്ങൾ (വിവര സാങ്കേതികവും ടൂറിസവും ഉൾപ്പെടെ) (അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ), ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, പരിസ്ഥിതി, സദ്ഭരണം, കുടിയേറ്റം. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) 1.പദ്ധതി തയ്യാറാക്കുന്നതിന്റെ രീതി ശാസ്ത്രം ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടേയുംകേന്ദ്ര ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷന്റെയും സംയുക്ത അദ്ധ്യക്ഷതയിൽ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് 2012 ജനുവരി 23 ന് തിരുവനന്തപുരത്തു വച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മ പദ്ധതിക്ക് അന്തിമരൂപം നൽകുകയും ചെയ്തിട്ടുണ്ട്. |

2. സാങ്കേതിക സഹായം നൽകുന്നതിന് ന്യൂ ഡൽഹിയിലെ നാഷണൽ കൗൺസിൽ ഫോർ അപ്ളൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

3. പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കുന്നതിന്റെ മുന്നോടിയായി ബന്ധപ്പെട്ട മേഖലകളിൽ ബാക്ക് ഗ്രൗണ്ട് പേപ്പർ തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

4. പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാരുടെ ഒരു യോഗം 2012 ജൂൺ 23 ന് ചീഫ് സെക്രട്ടറി വിളിച്ചു ചേർത്തു.

5. പദ്ധതി തയ്യാറാക്കുന്നതിന്റെ ഫോർമാറ്റുകൾ വിശദീകരിച്ചു കൊടുക്കുന്നതിനായി വകുപ്പ് മേധാവികളുടെ ഒരു ശില്പശാല ആഗസ്റ്റ് ആദ്യം സംഘടിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.